കേൾക്കേണ്ട ശബ്ദം:
ക്രിസ്തീയ വിശ്വാസമനുസരിച്ച് ഇടയൻ ആടുകൾക്ക് വേണ്ടി ജീവൻ കൊടുക്കണമെന്നാണ് പ്രമാണം. നിലവിൽ ഇടയന് വേണ്ടി ആടുകൾ ബലിയാടാകുന്ന സാഹചര്യമാണ്.
-ഫാ. മാത്യൂസ് വാഴക്കുന്നം

മക്തബ്

1193 മിഥുനം 20 — 1439 ശവ്വാൽ 20

കടക്ക്, കാമ്പസുകൾക്ക് പുറത്ത്

ക്രിമിനൽവൽക്കരിക്കപ്പെട്ട കേരളത്തിന്റെ പൊതുരാഷ്ട്രീയ മണ്ഡലം കാമ്പസുകളെയും ചോരക്കളമാക്കുന്നതിന്റെ മുന്നറിയിപ്പാണ് എറണാകുളം മഹാരാജാസ് കോളേജിൽ എസ്.എഫ്.ഐ നേതാവ് അഭിമന്യുവിന്റെ കൊലപാതകം. കേരളത്തിലെ കാമ്പസുകളിൽ അക്രമവും കൊലപാതകവും പുതുതല്ല. എന്നാൽ സമീപകാലത്ത് അത് കുറഞ്ഞുവന്നിരുന്നു. അകത്തളത്തിൽ ജനാധിപത്യവിരുദ്ധമായ കാര്യങ്ങൾ നടക്കുന്നുണ്ടെങ്കിലും പുറമെ ശാന്തമായിരുന്നു. അതാണ് മാറ്റപ്പെടുന്നത്.

വളരെ നിസാരമായ ഒരു കാര്യമാണ് അഭിമന്യുവിന്റെ ജീവനെടുക്കലിൽ കലാശിച്ചത്. ചുവരെഴുത്തിനെ ചൊല്ലി എസ്.എഫ്.ഐ- കാമ്പസ് ഫ്രണ്ട് പ്രവർത്തകർ തമ്മിൽ ഉടലെടുത്ത തർക്കമായിരുന്നു കാരണം. കാമ്പസ്ഫ്രണ്ട് പ്രവർത്തകർ കാമ്പസിന് പുറത്തുള്ള ആളുകളെ സംഘടിപ്പിച്ച് രണ്ട് വിദ്യാർത്ഥികളെ കുത്തുകയായിരുന്നുവെന്നാണ് കേസ്. അതിൽ ഒരാളാണ് മരണമടഞ്ഞത്. അർജുൻ എന്ന വിദ്യാർത്ഥി അതീവഗുരുതര നിലയിൽ ഇപ്പോഴും ചികിത്സയിലാണ്.

വിദ്യാർത്ഥി രാഷ്ട്രീയം അങ്ങേയറ്റം സർഗാത്മകമാകണം. സർഗാത്മകമാവുക എന്നതിന്റെ അർത്ഥം ജനാധിപത്യപരമാകുക എന്നുകൂടിയാണ്. കാരണം ജനാധിപത്യമില്ലാത്തിടത്ത് സർഗാത്മകതയ്ക്ക് സ്ഥാനമില്ല. ജൈവികമായ സവിശേഷത കൊണ്ടു തന്നെ വിദ്യാർത്ഥികൾ സർഗാത്മകരാകേണ്ടതാണ്. കാലം മനസിനകത്ത് സ്വപ്നങ്ങളുടെ വസന്തം വിടർത്തുന്ന പ്രായമാണത്. അതുകൊണ്ടാണ് ലോകത്തിന്റെ ചരിത്രത്തിൽ അടയാളപ്പെടുത്തിയ വലിയ വിദ്യാർത്ഥി മുന്നേറ്റമൊക്കെ സർഗാത്മകമായി തീർന്നത്. ഫ്രാൻസിൽ ഏകാധിപതിയായ ഡിഗോളിന് എതിരെ കോഹൻ ബെൻഡിറ്റിന്റെ നേതൃത്വത്തിൽ നടന്ന വിദ്യാർത്ഥി കലാപം വസന്തകലാപമെന്ന പേരിൽ ചരിത്രത്തിൽ സ്ഥാനം പിടിച്ചത് അങ്ങനെയായിരുന്നു. ചൈനയിലെ സാംസ്കാരിക വിപ്ലവം, ഇന്ത്യയിൽ നക്സൽബാരിയുടെ കാലത്ത് കൽക്കത്ത സർവ്വകലാശാലയിൽ നിന്ന് ഗ്രാമങ്ങളിലേക്ക് ഉണ്ടായ വിദ്യാർത്ഥി പ്രവാഹം. 1970കളുടെ മധ്യത്തിൽ ജയപ്രകാശ് നാരായണന്റെ നേതൃത്വത്തിൽ ബീഹാറിലും ഗുജറാത്തിലും ആരംഭിച്ച അഴിമതിവിരുദ്ധ പ്രക്ഷോഭത്തിന്റെ മുന്നണി പോരാളികളായ വിദ്യാർത്ഥികൾ, അടുത്തകാലത്ത് പൂന ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിലും ജെ.എൻ.യുവിലും മറ്റും വിദ്യാർത്ഥികൾ നടത്തിയ സമരങ്ങൾ, കേരളത്തിൽ അടിയന്തരാവസ്ഥക്ക് ശേഷം പൊതുരാഷ്ട്രീയ മണ്ഡലത്തെ തന്നെ നവീകരിച്ചുകൊണ്ട് കാമ്പസുകളിലുണ്ടായ മുന്നേറ്റം.... എന്നിവയൊക്കെ ഓർത്തുവെക്കാവുന്നതാണ്.

ഈ സർഗാത്മകമായ വിദ്യാർത്ഥി ധാരയിലെ ഒരു പ്രവാഹമായിരുന്നു അറിഞ്ഞിടത്തോളം അഭിമന്യു. വളരെ ദരിദ്രമായ ഒരു കുടുംബത്തിന്റെ പ്രതീക്ഷ. നല്ല വായനയൊക്കെയുള്ള വിദ്യാർത്ഥി നേതാവ്. വിദ്യാർത്ഥി രാഷ്ട്രീയത്തിൽ ഗുണ്ടായിസത്തിന്റെ ഓരം പോലും ചേർന്നു നടക്കാത്തവൻ. കേരളത്തിലെ കലാലയ രാഷ്ട്രീയത്തിലെ ജീവിക്കുന്ന രക്തസാക്ഷി സൈമൺ ബ്രിട്ടോയുടെ ചങ്ങാതി. അങ്ങനെയുള്ള ഒരു വിദ്യാർത്ഥിയെ കൊലക്കത്തിക്ക് ഇരയാക്കി എന്താണ് നേടിയതെന്ന് കൊലയാളി സംഘം ചിന്തിക്കണം.

ചുവരെഴുത്തുമായി ബന്ധപ്പെട്ട് തർക്കം നിലനിൽക്കുന്നുവെങ്കിൽ അതിന്റെ പരിഹാരം ജീവനെടുക്കലല്ല. അതിന് ജനാധിപത്യപരമായ ഒട്ടേറെ വഴികളുണ്ട്. അതിനുപകരം കൊലക്കത്തിയുമായി പാവം കുട്ടികളുടെ ജീവനെടുക്കുന്നവർ കാലത്തോട് കണക്കുപറയേണ്ടിവരും. കേരളത്തിലെ വിദ്യാർത്ഥി സമൂഹത്തിന്റെ വിചാരണയ്ക്ക് മുന്നിൽ തലതാഴ്ത്തി നിൽക്കേണ്ടിവരും. അഭിമന്യുവിന്റെ പതഞ്ഞുയരുന്ന ചോര നിങ്ങളെ മുക്കിക്കൊല്ലും.

ഇടക്കാലത്ത് കാമ്പസ് രാഷ്ട്രീയത്തെ തന്നെ പൊതുസമൂഹം വെറുക്കുകയും ശപിക്കുകയും ചെയ്തിരുന്നു. അതിന്റെ മറപിടിച്ചാണ് കാമ്പസ് രാഷ്ട്രീയം തന്നെ നിരോധിക്കുന്നതിലേക്ക് കാര്യങ്ങൾ എത്തിച്ചേർന്നത്. അതിന്റെ ഫലമായി കാമ്പസുകളിൽ പൊതുവേ അതിക്രമങ്ങൾ കുറഞ്ഞിരുന്നു. തൊട്ടതിനും പിടിച്ചതിനും ഒക്കെ സമരം ചെയ്യുന്ന പഴയ വിദ്യാർത്ഥി സംഘടന പ്രവർത്തനം അവസാനിക്കുകയും എല്ലാ വിദ്യാർത്ഥി സംഘടനകളും അവരുടെ പ്രചാരണ പ്രവർത്തനങ്ങളിൽ പഠിക്കാൻ ആഹ്വാനം ചെയ്യുന്ന മുദ്രാവാക്യം ഉൾചേർക്കേണ്ടി വന്നുവെന്നതും ചരിത്രം. രാഷ്ട്രീയമില്ലാത്ത കാമ്പസുകൾ അരാജകമാകുമെന്ന വിമർശനം അന്നുതൊട്ട് ഇന്നുവരെ ഉയരുന്നുമുണ്ട്. എന്നാൽ അരാഷ്ട്രീയതയുടെ കാരണം കാമ്പസ് രാഷ്ട്രീയത്തിന് വിലങ്ങണിയിച്ചു എന്നത് മാത്രമല്ല. പൊതുരാഷ്ട്രീയ മണ്ഡലം തന്നെ അരാഷ്ട്രീയവൽക്കരിക്കപ്പെട്ട സാഹചര്യത്തിൽ കാമ്പസിൽ മാത്രമായി രാഷ്ട്രീയം മുച്ചൂപൊന്തുകയില്ല. അതുകൊണ്ടുതന്നെയാണ് കേരളത്തിലെ കാമ്പസുകളിൽ നിന്ന് ഏതെങ്കിലും രീതിയിലുള്ള വിദ്യാർത്ഥി മുന്നേറ്റങ്ങൾ ഉയർന്നുവരാത്തത്. വിദ്യാർത്ഥികളെ വ്യവസ്ഥയുടെ സംരക്ഷകരാക്കി മാറ്റുന്ന സ്റ്റുഡന്റ് പോലീസ് പോലുള്ള സംരംഭങ്ങളും വ്യാപകമാവുകയാണ്.

കാമ്പസുകളിലെ പുതുചലനങ്ങളെ പോലും മുളയിലെ നുള്ളിക്കളയുന്ന രീതിയിൽ കേരളത്തിൽ വ്യവസ്ഥാപിതത്വം ആധിപത്യം നേടിയെടുത്തിട്ടുമുണ്ട്. അതുകൊണ്ട് കാമ്പസുകൾ ഒരുവശത്ത് അച്ചടക്കത്തെ അടിമത്തമായി പരിഗണിക്കുന്ന വിദ്യാർത്ഥി കൂട്ടങ്ങളുടേതാണ്. മറുവശത്ത് കാമ്പസിനകത്ത് പോലും ആയുധങ്ങൾ സംഭരിച്ചുവെക്കുകയും അധ്യാപകരെ പോലും അപമാനിക്കുകയും ചെയ്യുന്ന രാഷ്ട്രീയ ഗുണ്ടകളുടെ താവളവുമാവുകയാണ്.

കാമ്പസ് രാഷ്ട്രീയത്തിലെ നിയന്ത്രണങ്ങൾ നീക്കം ചെയ്യുന്നതിന് സർക്കാർ ആലോചിച്ചുകൊണ്ടിരിക്കുമ്പോഴാണ് അഭിമന്യുവിനെ കൊലപ്പെടുത്തുന്നത്. തീർച്ചയായും ഇത് കാമ്പസ് രാഷ്ട്രീയത്തിന് എതിരായ പൊതുജന അഭിപ്രായമായി രൂപപ്പെടാനുള്ള സാധ്യത ഏറെയാണ്. വിദ്യാർത്ഥി രാഷ്ട്രീയത്തെ ജനാധിപത്യ ഇടങ്ങളായി വികസിപ്പിക്കാനുള്ള ആലോചനകളാണ് ഈ സന്ദർഭത്തിൽ നടക്കേണ്ടത്.

ചെമ്പേരി വഴി കെ.എസ്.ആർ.ടി.സി ബസ് റൂട്ട് അനുവദിക്കണം

പയ്യാവൂർ: കെ.എസ്.ആർ.ടി.സി ബസ് ചെമ്പേരി വഴിയാക്കാൻ നടപടിയുണ്ടാകണമെന്ന് ചെമ്പേരി വൈ.എം.സി.എ. യൂണിറ്റ് കമ്മിറ്റി യോഗം ആവശ്യപ്പെട്ടു. മണ്ണംകുണ്ട്, ചെമ്പേരി പുറഞ്ഞാൺ, പുലിക്കുരുമ്പ വഴിസർവ്വീസ് ആരംഭിച്ചാൽ പ്രദേശത്തെ നൂറു കണക്കിന് കുടുംബങ്ങളിലുള്ളവർക്ക് ഏറെ പ്രയോജനമാകും. ചെമ്പേരി വൈ.എം.സി.എ ഭാരവാഹികൾ ഇതു സംബന്ധിച്ച് കണ്ണൂർ കെഎസ്ആർടിസി ഡിപ്പോ അധികൃതർക്ക് നിവേദനം നൽകിയിട്ടുണ്ട്. യോഗത്തിൽ പ്രസിഡന്റ് സിബി പുന്നക്കുഴിയിൽ അധ്യക്ഷത വഹിച്ചു. മാത്യു എഴുനന വലയിൽ, ജോമി ചാലിൽ, മാത്യു അടുപ്പുകല്ലിങ്കൽ, ജോഷി കുന്നത്ത് പ്രസംഗിച്ചു.

കരുവഞ്ചാലിലെ തെരുവ്നായ വിളയാട്ടം ജനങ്ങളെ ഭീതിയിലാഴ്ത്തുന്നു

ആലക്കോട്: കരുവഞ്ചാൽ ടൗണിലെ തെരുവ്നായ വിളയാട്ടം ജനങ്ങൾക്ക് ഭീഷണിയാകുന്നു. പത്തിലധികം വരുന്ന തെരുവ്നായകളാണ് ഭീതി ഉയർത്തുന്നത്. കഴിഞ്ഞ ദിവസങ്ങളിൽ നിരവധി പേർ തെരുവ്നായ്ക്കളുടെ ആക്രമണത്തിന് ഇരയായി. ബസ് കാത്തിരിപ്പ് കേന്ദ്രത്തിൽ വരെ തമ്പടിച്ചാണ് നായ്ക്കളുടെ വിളയാട്ടം. നൂറുകണക്കിന് വിദ്യാർത്ഥികൾ കാൽനടയായി സഞ്ചരിക്കുന്ന വായാട്ടുപറമ്പ്, വെള്ളാട് റോഡുകളിൽ തെരുവ്നായ്ക്കൾ കൂട്ടത്തോടെ തമ്പടിച്ചിരിക്കുന്നത് കുട്ടികൾ ഏറെ അപകട ഭീഷണിയുയർത്തുകയാണ്. പുലർച്ചെ ടൗണിലെത്തുന്ന യാത്രക്കാരാണ് കൂട്ടമായെത്തുന്ന നായ്ക്കളുടെ ആക്രമണത്തിന് ഇരകളായിക്കൊണ്ടിരിക്കുന്നത്. ടൗണിലും പരിസരങ്ങളിലും മാലിന്യങ്ങളും മറ്റും പെരുകിയതാണ് തെരുവ്നായ ശല്യം രൂക്ഷമാകാൻ കാരണം. നായ്ക്കളുടെ ആക്രമണത്തിൽ നിന്ന് ജനങ്ങളെ രക്ഷിക്കുന്നതിന് അധികൃതർ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യമുയർന്നു.

മഴ ക്യാമ്പ് സംഘടിപ്പിക്കും

കണ്ണൂർ: യൂത്ത് ഹോസ്റ്റൽസ് അസോസിയേഷൻ ഓഫ് ഇന്ത്യ (വൈ.എച്ച്.എ.ഐ) കണ്ണൂർ ജില്ലാ ചാപ്റ്ററിന്റെ ആഭിമുഖ്യത്തിൽ ഏഴ്, എട്ട് തീയതികളിൽ ആറളം വന്യജീവി സങ്കേതത്തിൽ 'മഴ ക്യാമ്പ് ' സംഘടിപ്പിക്കും.

കാടിനെ അറിയുക, കാട് സംരക്ഷിക്കുക എന്ന പ്രമേയം അടിസ്ഥാനമാക്കിയാണ് ക്യാമ്പ് നടത്തുന്നത്. താൽപ്പര്യമുള്ളവർ ബന്ധപ്പെടുക. ഫോൺ: 9447087743, 9446653133.

തളിപ്പറമ്പ് ഷോപ്പിക്സിൽ ബാക് ടു സ്കൂൾ സമ്മാന പദ്ധതിയിൽ വിജയികളായവർക്ക് പ്രധാനാധ്യാപകരായ പി.വി.ഫസലുള്ള (സീതിസാഹിബ്), എം.വിജയലക്ഷ്മി (മൂത്തേടത്ത്) എന്നിവർ സൈക്കിൾ കൈമാറുന്നു. സമീപം ഡയരക്ടർമാരായ വി.കെ.ഗഫൂർ ഹാജി, സി.കെ.പി.അബ്ദുൾഅനീസ്, സൽമാൻ.

അനധികൃത ഭക്ഷണ വിപണന കേന്ദ്രം; ഹോട്ടൽ വ്യാപാരികൾ സമരത്തിലേക്ക്

തളിപ്പറമ്പ: യാതൊരുവിധ ശുചിത്വ പരിരക്ഷയുമില്ലാതെ മലിനമായ സാഹചര്യത്തിൽ തെരുവോരങ്ങളിൽ ഭക്ഷണം പാചകം ചെയ്ത് വ്യാപാരം നടത്തുന്ന അനധികൃത ഭക്ഷണ വിപണന കേന്ദ്രങ്ങൾ ഭാവിയിൽ പ്രവചിക്കുവാൻ സാധിക്കാത്ത ആരോഗ്യദുരന്തം സൃഷ്ടിക്കുമെന്ന് കേരള ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസോസിയേഷൻ അഭിപ്രായപ്പെട്ടു.

സാംക്രമിക രോഗങ്ങൾക്കെതിരെ ജാഗ്രത പാലിക്കേണ്ടതിൽ പ്രധാനമാണ് കുടിവെള്ളവും ഭക്ഷണവുമാണെന്നിരിക്കെ തെരുവോരങ്ങളിലെ ഓടവക്കിലും മറ്റും പാചകം ചെയ്ത ഭക്ഷണം വിപണനം നടത്തുന്നതും കഴിക്കുന്നതും രോഗങ്ങൾ വിളിച്ചുവരുത്തും. വിവിധ നിയമസംവിധാനങ്ങളിൽ നിന്നുകൊണ്ട് ഹോട്ടൽ വ്യാപാരം ചെയ്ത് ഉപജീവനം നടത്തുന്ന ഹോട്ടൽ മേഖലയ്ക്കും സമൂഹത്തിനും വൻഭീഷണിയായ സാഹചര്യത്തിൽ ഇതിനെതിരെ അധികൃതർ നടപടി സ്വീകരിക്കുന്നില്ലെങ്കിൽ തളിപ്പറമ്പിലെ മുഴുവൻ ഹോട്ടലുകളും അടച്ചിട്ട് പ്രത്യക്ഷസമരം നടത്തുമെന്നും കെ.എച്ച്.ആർ.എ തളിപ്പറമ്പ യൂനിറ്റ് കമ്മിറ്റി മുന്നറിയിപ്പ് നൽകി.

ആലക്കോട് സെന്റ് മേരീസ് പള്ളിയുടെ കട്ടിളവെപ്പ് കർമ്മം ആർച്ച് ബിഷപ്പ് മാർ ജോർജ് ഞെരളക്കാട്ട് നിർവഹിക്കുന്നു.

ആലക്കോട് പള്ളിയുടെ കട്ടിളവെപ്പ് കർമ്മം ആർച്ച് ബിഷപ്പ് നിർവഹിച്ചു

ആലക്കോട്: നിർമ്മാണ പ്രവർത്തികൾ പുരോഗമിച്ച് വരുന്ന ആലക്കോട് സെന്റ് മേരീസ് പള്ളിയുടെ കട്ടിള വെപ്പ് കർമ്മം തലശേരി അതിരൂപതാ ആർച്ച് ബിഷപ്പ് മാർ ജോർജ് ഞെരളക്കാട്ട് നിർവഹിച്ചു. ദേവാലയ മന്ദിരത്തിന്റെ മുഖ്യകവാടത്തിലായി ആർച്ച് ബിഷപ്പിന്റെ കാർമ്മികത്വത്തിൽ പ്രത്യേക പ്രാർത്ഥനകളോടെയാണ് കട്ടിളവെപ്പ് ചടങ്ങുകൾ നടന്നത്. ഫൊറോന വികാരി ഫാ. ആന്റണി ആനക്കല്ലിൽ, അസി. വികാരി വർഗീസ് കളപ്പുരയ്ക്കൽ, ഇടവക കോ-ഓർഡിനേറ്റർ തോമസ് മാണികളപ്പുര, ദേവാലയ നിർമ്മാണ കമ്മിറ്റി ചെയർമാൻ ജോയി ചെരിപുറം നേതൃത്വം നൽകി. നൂറുകണക്കിന് വിശ്വാസികൾ ചടങ്ങിൽ പങ്കെടുത്തു.

കണ്ടങ്കാളി; സ്പെഷൽ തഹസിൽദാർ ഓഫീസിലേക്ക് 19ന് മാർച്ച്

പയ്യന്നൂർ: പയ്യന്നൂർ കണ്ടങ്കാളിയിൽ നെൽവയലുകളും തണ്ണീർത്തടവും നികത്തി സ്ഥാപിക്കാൻ പോകുന്ന കേന്ദ്രീകൃത എണ്ണസംഭരണ ശാലക്കെതിരെ ജനകീയ പ്രക്ഷോഭം ശക്തമാകുന്നു. എണ്ണ കമ്പനികൾക്ക് 85 ഏക്കർ നെൽവയൽ ഏറ്റെടുത്തുകൊടുക്കാനുള്ള സർക്കാർ ഉത്തരവ് പിൻവലിക്കണമെന്നാവശ്യപ്പെട്ട് 19ന് പുഞ്ചക്കാട് നിന്ന് പയ്യന്നൂർ സ്പെഷൽ തഹസിൽദാർ ഓഫീസിലേക്ക് ബഹുജന മാർച്ച് നടത്തും.

കണ്ടങ്കാളിയിലെ കർഷക തൊഴിലാളി വി.പി. ഷീജ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. കാസർക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് എ. ജി.സി ബഷീർ, മുൻ എം. എൽ.എ കെ.പി. കുഞ്ഞിക്കണ്ണൻ, മാടായി പഞ്ചായത്ത് പ്രസിഡണ്ട് എം. പവിത്രൻ, വലിയപറമ്പ് പഞ്ചായത്ത് പ്രസിഡണ്ട് എം.ടി. അബ്ദുൾ ജബ്ബാർ, തൃക്കരിപ്പൂർ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് എൻ. സുകുമാരൻ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ വി.കെ. ബാവ, പയ്യന്നൂർ നഗരസഭ പ്രതിപക്ഷ നേതാവ് പി.പി. ദാമോദരൻ, ടി.വി. നാരായണൻ, അഡ്വ. ഡി.കെ. ഗോപിനാഥ്, സി.കെ. രമേശൻ, വി.കെ.പി. ഇസ്മയിൽ, കെ. ജയരാജ്, പി.വി. പ്രഭാത്, സുരേഷ് കീഴാറ്റൂർ, ഡോ. ഡി. സുരേന്ദ്രനാഥ്, അമ്പലത്തറ കുഞ്ഞികൃഷ്ണൻ, കെ. രാമചന്ദ്രൻ, പി.പി.കെ. പൊതുവാൾ, അഡ്വ. ടി.വി. രാജേന്ദ്രൻ, ഹരി ചക്കരക്കൽ, അഡ്വ. കസ്തൂരിദേവൻ, ജമാൽ കടന്നപ്പള്ളി സംസാരിച്ചു. വി.പി. സജിന പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

പ്രിന്റേഴ്സ് അസോസിയേഷൻ തളിപ്പറമ്പ മേഖലാ സമ്മേളനം സംസ്ഥാന പ്രസിഡണ്ട് പി.എ. അഗസ്റ്റിൻ ഉദ്ഘാടനം ചെയ്യുന്നു

പ്രിന്റേഴ്സ് അസോസിയേഷൻ തളിപ്പറമ്പ മേഖല സമ്മേളനം

തളിപ്പറമ്പ: തുടർച്ചയായുണ്ടാകുന്ന പേപ്പർ വില വർധനവ് നിയന്ത്രിക്കണമെന്ന് ജയ്സൺ ജോസഫ് അധ്യക്ഷനായി. സെക്രട്ടറി സി. ഉമ്മർ കേരളാ പ്രിന്റേഴ്സ് അസോസിയേഷൻ തളിപ്പറമ്പ മേഖലാ സമ്മേളനം ആവശ്യപ്പെട്ടു. സംസ്ഥാന പ്രസിഡണ്ട് പി.എ. അഗസ്റ്റിൻ ഉദ്ഘാടനം ചെയ്തു. മേഖല പ്രസിഡണ്ട് കെ. വിനയരാജ്, എസ്.എസ്. കെ. ബിജുമോൻ, എൻ.വി. മോഹനൻ, എം.എം. ബേബി, എ.ടി. സൈനുദീൻ, പി. സുജിത്ത് കുമാർ, കെ. അരുൺലാൽ സംസാരിച്ചു. സംസ്ഥാന സെക്രട്ടറി കെ. രിപ്പോർട്ട് അവതരിപ്പിച്ചു. പി. എൽ.സി, പ്ലസ്ടു ഉന്നത വിജയികളെ അനുമോദിച്ചു.

നിടുവാലൂർ ബ്രദേഴ്സ് ക്ലബ് ഒരുക്കിയ കൂറ്റൻ സ്ക്രീനിൽ ലോകകപ്പ് മത്സരം ആസ്വദിക്കുന്നുവർ

കയ്യേറിയില്ലെന്ന് ആരോപണവിധേയൻ

സ്കൂൾ സ്ഥലം കയ്യേറ്റം; പി.ടി.എ ഭാരവാഹികൾക്കെതിരെ നടപടി

ആലക്കോട്: മണക്കടവ് ശ്രീപുരം ഗവ. ഹയർസെക്കണ്ടറി സ്കൂളിന്റെ സ്ഥലം കയ്യേറി കോൺക്രീറ്റ് നടപ്പാത നിർമ്മിച്ചുവെന്ന പരാതിയിൽ പി.ടി.എ ഭാരവാഹിക്കെതിരെ നടപടി. പി.ടി.എ വൈസ് പ്രസിഡണ്ട് ജയലാലിനെ എക്സിക്യൂട്ടീവ് അംഗത്വത്തിൽ നിന്ന് സസ്പെന്റ് ചെയ്തുകൊണ്ടുള്ള നടപടിയാണ് സ്വീകരിച്ചത്. പ്രസിഡണ്ട് കെ.ടി. സുരേഷ്കുമാറിന്റെ അധ്യക്ഷതയിൽ ചേർന്ന സ്കൂൾ പി.ടി.എ യോഗമാണ് നടപടി സ്വീകരിച്ചത്. സ്കൂൾ സ്ഥലം അനധികൃതമായി കയ്യേറിയെന്ന് ചൂണ്ടിക്കാട്ടിയാണ് നടപടി. കയ്യേറ്റം സംബന്ധിച്ച് പോലീസ്, ജില്ലാ പഞ്ചായത്ത്, വിദ്യാഭ്യാസ വകുപ്പ് അധികൃതർ എന്നിവർക്ക് പി.ടി.എ പരാതി നൽകി. ആലക്കോട് പോലീസ് സ്ഥലത്തെത്തി അന്വേഷണം നടത്തി. അതേസമയം സ്കൂൾ സ്ഥലം കയ്യേറിയെന്നത് അടിസ്ഥാന രഹിതമാണെന്ന് ആരോപണവിധേയനായ പി.ഡി. ജയലാൽ അറിയിച്ചു. വീട്ടിലേക്ക് നിലവിലുണ്ടായിരുന്ന നടപ്പ് വഴിയിലെ മരപ്പാലം ജീർണ്ണിച്ചതിനെ തുടർന്ന് മൂന്നടി വീതിയിൽ കോൺക്രീറ്റ് നടപ്പാത നിർമ്മിക്കുക മാത്രമാണ് ചെയ്തത്. ഇതിനെ കയ്യേറ്റമായി ചിത്രീകരിക്കുന്നത് വ്യക്തി വിരോധം തീർക്കുന്നതിന് വേണ്ടിയാണെന്നും യഥാർത്ഥത്തിൽ സ്കൂൾ സ്ഥലം കയ്യേറിയത് മറ്റ് ചിലരാണെന്നും ഇതുസംബന്ധിച്ച് കലക്ടർക്ക് പരാതി നൽകിയതായും ജയലാൽ അറിയിച്ചു.

ചുണ്ടക്കുന്ന് - ചെമ്പേരി റോഡ് വികസനം വൈകുന്നു

ശ്രീകണ്ഠപുരം: മലയോര മേഖലയിലെ ആദ്യകാല റോഡുകളിലൊന്നായ കൂട്ടുമുഖം-ചുണ്ടക്കുന്ന്- ചെമ്പേരി റോഡ് വികസനം വൈകുന്നു. അരനൂറ്റാണ്ട് പഴക്കമുള്ള റോഡാണിത്. ഈ മേഖലയിലെ ഭൂരിഭാഗം റോഡുകളും മെക്കാഡം ടാറിങ് നടത്തി വികസിപ്പിച്ചെങ്കിലും ഇവിടെ യാതൊരു പ്രവൃത്തികളും നടത്തിയില്ല. ശ്രീകണ്ഠപുരത്ത് നിന്ന് ചെമ്പേരിയിലേക്കുള്ള എളുപ്പ വഴിയാണിത്. നേരത്തെ നിരവധി ബസുകൾ ഇതുവഴി സർവീസുകൾ നടത്തിയിരുന്നെങ്കിലും റോഡിനു വീതിയില്ലാത്തതും കയറ്റവും കാരണം മിക്കതും ഓട്ടം നിർത്തി. റോഡ് വികസിപ്പിക്കണമെന്ന ആവശ്യം നേരത്തെ ഉയർന്നിരുന്നെങ്കിലും തുടർ നടപടികളൊന്നും ഉണ്ടായിട്ടില്ല. റോഡിന്റെ കയറ്റം കുറക്കാനുള്ള പദ്ധതികൾ തുടങ്ങിയെങ്കിലും പണി നടന്നിട്ടില്ല. ഈ റോഡിലെ കാവുമ്പായി പാലം കാലപ്പഴക്കം കാരണം അപകടാവസ്ഥയിലാണ്. റോഡിന്റെ അത്രപോലും വീതിയില്ലാത്ത പാലവും പുനർനിർമ്മിക്കണമെന്ന ആവശ്യം ശക്തമാണ്.

വൈ.എം.സി.എ ഭാരവാഹികളുടെ സ്ഥാനാരോഹണം ആലക്കോട് ഡോ. ജെ. അലക്സാണ്ടർ ഉദ്ഘാടനം ചെയ്യുന്നു.

വൈ.എം.സി.എ ഭാരവാഹികൾ സ്ഥാനമേറ്റു

ജാതി-മത അക്രമങ്ങൾക്കെതിരെ പ്രതികരിക്കണം: ഡോ. ജെ.അലക്സാണ്ടർ

ആലക്കോട്: ജാതിയുടെയും മതത്തിന്റെയും വിശ്വാസത്തിന്റെയും പേരിൽ നമ്മുടെ നാട്ടിൽ വർദ്ധിച്ചുവരുന്ന അക്രമങ്ങൾക്കെതിരെ പ്രതികരിക്കുന്നതിന് വൈ.എം.സി.എ ഉൾപ്പെടെയുള്ള പ്രസ്ഥാനങ്ങൾക്ക് കഴിയണമെന്ന് കർണ്ണാടക മുൻ മന്ത്രിയും ചീഫ് സെക്രട്ടറിയുമായ ഡോ. ജെ. അലക്സാണ്ടർ പ്രസ്താവിച്ചു. വൈ.എം.സി.എ കണ്ണൂർ സബ് റീജിയൺ ചെയർമാൻ ജോഷി മാത്യു വട്ടക്കുന്നേൽ, ആലക്കോട് വൈ.എം.സി.എ പ്രസിഡണ്ട് സെബാസ്റ്റ്യൻ കാഞ്ഞിരക്കാട്ടുകുന്നേൽ, സെക്രട്ടറി സാജൻ വലിയപറമ്പിൽ എന്നിവരുടെ നേതൃത്വത്തിലുള്ള ഭാരവാഹികളുടെ സ്ഥാനാരോഹണം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സബ് -റീജിയൺ വൈസ് ചെയർമാൻ മത്തായി വീട്ടിയാങ്കൽ അധ്യക്ഷത വഹിച്ചു. തലശേരി അതിരൂപത ആർച്ച് ബിഷപ്പ് മാർ ജോർജ് ഞെരളക്കാട്ട് പ്രഭാഷണം നടത്തി. ജോൺ മഞ്ചുവള്ളിയിൽ, ഡോ. കെ.എം. തോമസ്, മാനുവൽ കുറിച്ചിത്താനം, മോളി മാനുവൽ, ഫാ. ആന്റണി ആനക്കല്ലിൽ, ജോസ് നെറ്റിക്കാട്ടിൽ, ജോസഫ് സഖറിയാസ്, ജിയോ ജേക്കബ്, ജോഷി മാത്യു, സെബാസ്റ്റ്യൻ കാഞ്ഞിരക്കാട്ടുകുന്നേൽ, അനീഷ് ജോസ്, പുഷ്പ ആന്റോ പ്രസംഗിച്ചു. ബിജു കുപ്പോഴയ്ക്കൽ സ്വാഗതം പറഞ്ഞു. വിവിധ അവാർഡുകളുടെ വിതരണം, പുതിയ അംഗങ്ങളുടെ സത്യപ്രതിജ്ഞ നടന്നു. വൈ.എം.സി.എ കാരുണ്യ പദ്ധതിയുടെ ഫണ്ട് കൈമാറൽ ഗണേഷ് നവരത്ന നിർവഹിച്ചു.